**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 704** **24-08-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഇതുവരെ എത്ര സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നും അതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെന്നും അറിയിക്കാമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 118 പ്ലാന്റുകളും അനെർട്ട് മുഖേന 6 പ്ലാന്റുകളും സ്ഥാപിച്ചു. കെ.എസ്.ഇ.ബി.എൽ. മുഖേന സ്ഥാപിച്ച പ്ലാന്റുകളിലൂടെ 1,02,006 യൂണിറ്റും അനെർട്ട് മുഖേന സ്ഥാപിച്ച പ്ലാന്റുകളിലൂടെ ഏകദേശം 3,000 യൂണിറ്റ് വൈദ്യുതിയും (പ്രതിമാസം) ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി. തിരികെ വാങ്ങുന്നുവെന്നും തിരികെ വാങ്ങുന്ന വൈദ്യുതിയ്ക്ക് ഒരു യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും ഇതുവരെ 2,60,069 യൂണിറ്റ് തിരികെ വാങ്ങിയിട്ടുണ്ട്. ഒരു യൂണിറ്റിന് 3.22 രൂപ നിരക്കിലാണ് വാങ്ങുന്നത്. |
| (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ നിന്നും ലഭിച്ച എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ നിന്ന് 695 അപേക്ഷകൾ കെ.എസ്.ഇ. ബി.എൽ. - നും 14 അപേക്ഷകൾ അനെർട്ടിനും ലഭിച്ചിട്ടുണ്ട്. അതിൽ യഥാക്രമം 118, 6 എന്നിങ്ങനെ ഉപഭോക്താക്കൾ പ്ലാന്റുകൾ സ്ഥാപിക്കുകയും ബാക്കിയുള്ളവയിന്മേൽ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. ബാക്കിയുള്ള അപേക്ഷകളിന്മേൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ